(സി) ദീർഘനാളത്തെ കണക്കുകൾ പൂർത്തിയാക്കാനുണ്ടായ വീഴ്ചകൾക്ക് മാനേജ്മെന്റ് സമർപ്പിച്ച കാരണങ്ങൾ വിശദമാക്കാമോ;

(ഡി) നിശ്ചിത സമയപരിധിക്കുള്ളിൽ കണക്കുകൾ പൂർത്തിയാക്കാത്തതു കാരണം സ്ഥാപനത്തിന്റെ വരുമാനത്തിൽ കുറവ് വന്നിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(എഫ്) സമയബന്ധിതമായി കുടിശ്ശിക കണക്കുകൾ പൂർത്തിയാക്കി വരുമാനം തിട്ടപ്പെടുത്താനും വർദ്ധിപ്പിക്കാനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല

(ബി—എഫ്) ചോദ്യം ഉദിക്കുന്നില്ല.

കെ.എസ്.എഫ്.ഇ.-യുടെ പുതിയ ശാഖകൾ

36 [2005] ശ്രീ. സി. മമ്മൂട്ടി:
,, കെ. എൻ. എ. ഖാദർ:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, ടി. പി. എം. സാഹിർ:
,, പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യുടെ കീഴിൽ പുതുതായി ബ്രാഞ്ചുകൾ ആരംഭിക്കാൻ 2003-ൽ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ബ്രാഞ്ചുകളാണ് ആരംഭിക്കാൻ തീരുമാനിച്ചിരിക്കുന്നത്;

(ബി) അവ ഏതെല്ലാമാണെന്നും എവിടെയെല്ലാമാണെന്നും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഇതിൽ ഏതെല്ലാം ബ്രാഞ്ചുകൾ പ്രവർത്തനമാരംഭിച്ചു;

(ഇ) കോഴിക്കോട് ജില്ലയിൽ ഏതെല്ലാം ബ്രാഞ്ചുകളാണ് ആരംഭിച്ചിട്ടുള്ളത്;

(എഫ്) ബ്രാഞ്ചുകൾ ആരംഭിച്ചില്ലെങ്കിൽ കാരണം വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. കെ.എസ്.എഫ്.ഇ.-യുടെ കീഴിൽ പുതുതായി 25 ബ്രാഞ്ചുകൾ ആരംഭിക്കാൻ 2003-ൽ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) വിശദാംശങ്ങൾ അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.†

(സി) ഉത്തരവിന്റെ പകർപ്പ് അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു.‡

(ഡി) കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കുന്നതോടുകൂടി പുതിയ ശാഖകൾ ആരംഭിക്കാമെന്ന തീരുമാനത്തിന്റെ ഭാഗമായി പുതിയ ശാഖകൾ ആരംഭിക്കുവാനുള്ള നടപടികൾ തൽക്കാലം മാറ്റിവെച്ചിരിക്കുകയാണ്. താമസിയാതെ തന്നെ പുതിയ ശാഖകൾ ആരംഭിക്കുവാനുള്ള നടപടികൾ എടുക്കുന്നതാണ്.

(ഇ) കോഴിക്കോട് ജില്ലയിൽ കെ.എസ്.എഫ്.ഇ.-യുടെ 18 ശാഖകൾ പ്രവർത്തിച്ചുവരുന്നു. ആരംഭിക്കുവാനുള്ള പുതിയ ശാഖകളുടെ പട്ടികയിൽ കോഴിക്കോട് ജില്ലയിലെ ചേളന്നൂർ, മുക്കം എന്നീ ശാഖകൾ ഉൾപ്പെടുന്നുണ്ട്.

(എഫ്) കമ്പ്യൂട്ടർവൽക്കരണത്തിനുശേഷം മാത്രമേ പുതിയ ശാഖകൾ ആരംഭിക്കേണ്ടതുള്ളൂ എന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് അനുമതി ലഭിച്ച ശാഖകൾ പ്രവർത്തനം ആരംഭിക്കാതിരിക്കുന്നത്. പുതിയ ശാഖകൾ എത്രയുംവേഗം ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഭക്ഷ്യസാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് നടപടി

37 [2006] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യസാധനങ്ങൾക്ക് ക്രമാതീതമായി വിലനിലവാരം ഉയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മാർക്കറ്റിൽ ഇടപെടുവാൻ തക്കരൂപത്തിൽ മാവേലി സ്റ്റോറുകളുടെ പ്രവർത്തനം ഊർജ്ജിതമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഈ ആവശ്യം പരിഗണിച്ച് മാവേലി സ്റ്റോറുകൾ വ്യാപകമായി ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) എല്ലാ നിത്യോപയോഗ ഭക്ഷ്യസാധനങ്ങളും മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്യാൻ നടപടി കൈക്കൊള്ളുമോ?

---

†, ‡ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly